Work Establishment Employees.

* 27. [44] SHRI V. P. PARAMESWARAN NAMBOODIRI: Will the Minister for Works be pleased to state:

(a) whether the Work Establishment Employees of Public Works Department have submitted any memorandum regarding their terms of service;

(b) if so, what are their demands; and

(c) what steps have been taken in this connection?

Minister for Works (SHRI K. I. VELAYUDHAN):

(a) Yes, in December 1955.

(b) The * list of demands is placed on the table

(c) The demands are being examined.

തീരദേശ റെയിൽവെ.

* 28. [49] ശ്രീ. പി. നാരായണൻ പോറ്റി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കായംകുളവും എറണാകുളവുമായി ഒരു റെയിൽവേ ലൈൻ ആലപ്പുഴവഴി പോകുന്നുണ്ടെന്ന് ഈ സ്റ്റേറ്റിൽ നിന്നും പ്ലാനിംഗ് കമ്മിഷനോട് അഭ്യർത്ഥിച്ചിരുന്നോ;

(ബി) എന്തു മറുപടിയാണ് അതിനു ലഭിച്ചത്;

(സി) രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തു് ഈ ലയിനിന്റെ പണി ആരംഭിക്കുവാൻ സാദ്ധ്യതയുണ്ടോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) കൊല്ലം—കോട്ടയം ലൈനിൽ മാവേലിക്കരയോ, കായംകുളത്തോ നിന്നു പുറപ്പെട്ട് ആലപ്പുഴവഴി എറണാകുളത്തേയ്ക്കു ഒരു റെയിൽവേ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ടെന്നു ഈ സഭാമദ്ധ്യേ ഗവർമ്മെൻറ് ശുപാർശചെയ്തിട്ടുണ്ട്.

(ബി) രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തു നിർമ്മിക്കേണ്ടുന്ന പുതിയ റെയിൽവേ ലയിനുകൾ തിരഞ്ഞെടുക്കുന്ന അവസരത്തിൽ ഇതും പരിഗണിക്കുന്നതാണെന്നു മറുപടി ലഭിച്ചു.

(സി) കേന്ദ്രരണ്ടാംപഞ്ചവത്സരപദ്ധതിയുടെ അവസാന രൂപം അറിഞ്ഞിട്ടില്ലാത്തതിനാൽ ഇതേപ്പറ്റി ഒന്നും പറയുവാൻ നിവൃത്തിയില്ല.

UNSTARRED QUESTION AND ANSWER

Schemes included in the First Five Year Plan.

1. [7] SHRI P. VISWAMBHARAN: Will the Chief Minister be pleased to state: the total amount spent this year for the various schemes included in the first Five Year Plan?

Answer

The figures will be available in the Budget to be presented by Minister for Finance on 9th March, 1956.

* Please see Appendix III.

LIBRARY ARCHIVES Kerala Legislative Assembly

9 A. M.] MR. SPEAKER: Order, order. Question time is over.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. (He said something in a language which he claimed to be Kannada.)

മി. സ്പീക്കർ: യാതൊന്നും മനസ്സിലായില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: സർ, അങ്ങയുടെ അനുവാദത്തോടുകൂടി ഞാൻ അധികം മലയാളം പറയാം. കർണ്ണാടകവും മലയാളവും കൂടി സംയോജിപ്പിക്കുന്നതിന് നല്ലവനായ നമ്മുടെ മുഖ്യമന്ത്രി പരിശ്രമിക്കുന്ന നിലയ്ക്ക് ഇപ്പോൾത്തന്നെ ഈ സഭയിൽ കണ്ണാടകവും കൂടി സംസാരിക്കരുതോ?

MR. SPEAKER: You can raise that question in the manner prescribed by the Rules.

Adjournment Motion re: scarcity of water in Mattanchery.

മി. സ്പീക്കർ: ഇവിടെ ഒരടിയന്തിരപ്രമേയം കിട്ടിയിട്ടുണ്ട്. മട്ടാഞ്ചേരിയിലെ ജലക്ഷാമത്തെ സംബന്ധിച്ചുള്ള ഒരു പ്രമേയമാണ് അതു്. ബഡ്ജറ്റിനെ സംബന്ധിച്ചുള്ള വിമർശനവേളയിൽ ഇത്തരം കാര്യങ്ങളെപ്പറ്റി സംസാരിക്കുവാൻ സൗകര്യമുള്ളതുകൊണ്ട് ഈ അടിയന്തിരപ്രമേയം അനുവദിക്കേണ്ട കാര്യമില്ല.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: സർ, സഭാനടപടികൾ തുടങ്ങുന്നതിനു മുമ്പു്, വളരെ ഗൗരവമേറിയ ഒരു പ്രശ്നം അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു് ഞാനാഗ്രഹിക്കുന്നു. സഭാനടപടികളിൽ പങ്കുകൊള്ളുവാനായി ഞങ്ങളെല്ലാവരും ഇങ്ങോട്ടു പോരുന്ന സന്ദർഭത്തിൽ നിരവധി നാളുകളായി സത്യാഗ്രഹം നടത്തിക്കൊണ്ടിരിക്കുന്ന മൃസിയത്തിലെ എത്രയോ തൊഴിലാളികൾ.....

മി. സ്പീക്കർ: ആർഡർ, ആർഡർ. നിയമസഭാനടപടികളുടെ ചട്ടങ്ങളനുസരിച്ചു് അനുവദിക്കാവുന്ന രീതിയിൽ ചെയ്യാവുന്ന പ്രസ്താവനകളല്ലാതെ, യാതൊരു പ്രസ്താവനയും ചെയ്യുവാൻ ഒരു മെംബറേയും അനുവദിക്കുവാൻ നിവൃത്തിയില്ല. ചട്ടപ്രകാരം ഇങ്ങനെയുള്ള പ്രശ്നങ്ങൾ സഭയുടെ മുമ്പിൽ കൊണ്ടുവന്നാൽ, അതിനെപ്പറ്റി ഒരു പ്രസ്താവന ചെയ്യുവാൻ ബഹുമാനപ്പെട്ട മെംബറെ അനുവദിക്കാം.

SHRI R. SANKARANARAYANAN THAMPI: Under the Rules, the Speaker has the discretion to allow a statement from any Member calling the attention of the Speaker and the House to certain important matters occurring in the State.

MR. SPEAKER: For doing that you have to resort to the provisions in the Rules. You can call the attention of the Government only according to the rules specified.

LIBRARY ARCHIVES Kerala Legislative Assembly